## എൽ.പി

**കൂട**

സർഗാത്മക രചന



## പ്രവർത്തനം 3

# കാക്ക വിചാരം

പക്ഷികളേയും മൃഗങ്ങളേയും കുറിച്ചുള്ള ധാരാളം കഥകൾ കൂട്ടുകാർ കേട്ടിട്ടുണ്ടാവും. ചില മൃഗങ്ങളും പക്ഷികളും ബുദ്ധിയുള്ളവർ, നല്ലവർ, മറ്റു ചിലർ മണ്ടശ്ശിരോമണികൾ, ദുഷ്ടർ എന്നിങ്ങനെയാണ് പല കഥകളിലും അവതരിപ്പിച്ചിട്ടുണ്ടാവുക. 2001 ആഗസ്റ്റ് ലക്കം യുറീക്കയിൽ കുഞ്ഞിക്കാക്കയുടെ പാട്ട് എന്ന ഒരു കഥയുണ്ട്. ഒന്ന് വായിച്ചു നോക്കൂ. കാക്കമ്മയെപ്പറ്റിച്ച് അപ്പം തട്ടിയെടുത്ത കുറുക്കനെ ബുദ്ധി കൊണ്ട് തോല്പിക്കുന്ന കുഞ്ഞിക്കാക്കയെ ആണ് ഈ കഥ അവതരിപ്പിക്കുന്നത്. പറഞ്ഞ് പറഞ്ഞ് മനസ്സിൽ പതിഞ്ഞു പോയ കഥയെ മാറ്റിയെഴുതിയിരിക്കുകയാണിവിടെ. കാക്കയെപ്പറ്റിച്ച്




ഈ പ്രവർത്തനത്തിന്റെ വിശദീകരണ വീഡിയോ കാണാം




അറിയാം നിറയാം ഉയരാം

യുറീക്ക-ശാസ്ത്രകേരളം വിജ്ഞാനോത്സവം





## എൽ.പി

## കൂട

## സർഗാത്മക രചന

## പ്രവർത്തനം 3

അപ്പം തട്ടിയെടുത്ത കുറുക്കനെക്കുറിച്ചുള്ള പഴയ കഥയും കുറുക്കന്റെ സൂത്രത്തിൽ വീഴാതെ അപ്പം സംരക്ഷിച്ച് പാട്ട് പാടിയ കുഞ്ഞിക്കാക്കയെക്കുറിച്ചുള്ള പുതിയ കഥയും കേൾക്കുന്ന കാക്ക എങ്ങനെയായിരിക്കും പ്രതികരിക്കുക. കാക്കയുടെ പക്ഷത്തുനിന്നു കൊണ്ട് കഥ വായിക്കൂ. **ഈ കഥകൾ കേൾക്കുന്ന കാക്കക്ക് എന്താണ് തോന്നുക. കാക്കയുടെ വിചാരം നിങ്ങൾ ഭാവനയിൽ എഴുതി നോക്കൂ.**

*ഇഷ്ടമുള്ള വ്യവഹാര രൂപം ( കഥ, കവിത കത്ത്, ഡയറി തുടങ്ങിയവ) സ്വീകരിക്കാം.*



